5628
14/8/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി - പത്തനംതിട്ട ജില്ല, റാന്നി താലൂക്ക്, അയിരൂർ വില്ലേജ്- തീപൊള്ളലേറ്റ് മരണപ്പെട്ട കവിതാ വിജയകുമാറിൻെറ ചികിത്സയ്ക്ക് ചെലവായ തുക മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി. ആർ.എഫ് -എ) വകുപ്പ്

**സ.ഉ.(സാധാ) നം.1005/2020/റവ.** തീയതി,തിരുവനന്തപുരം, 11/03/2020

പരാമർശം:- 1 03/5/2019 തീയതിയിലെ സ.ഉ (സാധാ)നം.1062/2019/റവ നമ്പർ സർക്കാർ ഉത്തരവ്

2 പത്തനംതിട്ട ജില്ലാ കലക്റ്ററുടെ 09/1/2020 തീയതിയിലെ F4-2157/19 നമ്പർ കത്ത്

**ഉത്തരവ്**

തീപൊള്ളലേറ്റ് മരണപ്പെട്ട പത്തനംതിട്ട ജില്ലയിൽ അയിരൂർ വില്ലേജിൽ കാഞ്ഞീറ്റുകര ചരുവിൽ കിഴക്കേമുറിയിൽ വീട്ടിൽ വിജയകുമാറിന്റെ മകൾ കവിതാ വിജയകുമാറിന്റെ ചികിത്സയ്ക്ക് ചെലവായ തുക മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണെന്നും പ്രസ്തുത തുക ചികിത്സ നടത്തിയ ആശുപത്രിക്ക് ജില്ലാ കളക്ടർ മുഖാന്തിരം നൽകുന്നതാണെന്നും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, ചികിത്സയ്ക്ക് ചിലവായതിൽ 62,688/- രൂപ കവിതാ വിജയകുമാറിന്റെ പിതാവ് ശ്രീ. വിജയകുമാർ എറണാകുളം മെഡിക്കൽ സെന്റർ ഹോസ്പിറ്റലിൽ അടച്ചിട്ടുള്ളതായും, ആയതിൽ അടിയന്തിരാശ്വാസമായി നൽകിയ 10,000/- രൂപ കിഴിച്ച് ബാക്കി തുക ശ്രീ വിജയകുമാറിന് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകണമെന്നും പരാമർശം(2) പ്രകാരം ജില്ലാ കലക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട കവിതാ വിജയകുമാറിന്റെ ചികിത്സയ്ക്ക്, പരേതയുടെ പിതാവ് ശ്രീ. വിജയകുമാറിന്റെ പക്കൽ നിന്നും ചിലവായ തുകയിൽ, അടിയന്തിരാശ്വാസമായി നൽകിയ 10,000/- രൂപ കിഴിച്ച് ബാക്കി 52,688/- രൂപ (അൻപത്തി രണ്ടായിരത്തി അറുന്നൂറ്റി എൺപത്തി എട്ടു രൂപ മാത്രം) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3വിതരണത്തിനാവശ്യമായ 52,688/- രൂപ (അൻപത്തി രണ്ടായിരത്തി അറുന്നൂറ്റി എൺപത്തി എട്ടു രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ ടി തുക ശ്രീ വിജയകുമാറിന് കൈമാറി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാര്.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, പത്തനംതിട്ട

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by DEEPU S S
Date: 2020.03.11 13:19:09 IST
Reason: Approved

സെക്ഷൻ ഓഫീസർ